# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 763

16.07.2014 ൽ മറുപടിയ്ക്ക്

## ആർ.ബി.ഐ. കടപ്പത്രങ്ങളിലെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| ജില്ലാ സഹകരണ ബാങ്കുകൾ നിക്ഷേപങ്ങൾ ആർ.ബി.ഐ. യുടെ കടപ്പത്രങ്ങളിൽ നിക്ഷേപിക്കണമെന്ന സംവിധാനം നിലവിൽ വന്നാൽ സഹകരണ ബാങ്കിംഗ് മേഖലയെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | ജില്ലാ സഹകരണ ബാങ്കുകളുടെ എളുപ്പം പണമാക്കി മാറ്റാവുന്ന നിക്ഷേപങ്ങൾ (SLR) സർക്കാർ/അനുവദനീയ സെക്യൂരിറ്റികളിൽ (കടപ്പത്രങ്ങളിൽ) നിക്ഷേപിക്കണമെന്ന സംവിധാനം നിലവിൽ വന്നാൽ ഇപ്പോൾ സംസ്ഥാനത്ത് ഉപയോഗിച്ചു കൊണ്ടിരിക്കുന്ന ഈ നിക്ഷേപങ്ങൾ കേന്ദ്ര സർക്കാരിന്റെ നിക്ഷേപങ്ങളിലേയ്ക്ക് മാറുന്നതാണ്.<br>ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപങ്ങൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും പിൻവലിച്ച് സർക്കാർ കടപത്രങ്ങളിൽ നിക്ഷേപിക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തന മൂലധനത്തിൽ കാര്യമായ കുറവുണ്ടാകും. ഇത് ഫലത്തിൽ സംസ്ഥാനത്തിലെ ത്രിതല ബാങ്കിംഗ് സംവിധാനത്തിന്റെ പ്രവർത്തനത്തെ ബാധിക്കും. നിലവിലുള്ള സ്ഥിതി പ്രകാരം, വിലയിരുത്തിയാൽ ജില്ലാ ബാങ്കുകൾ അവരുടെ SLR ഡെപ്പോസിറ്റ് പിൻവലിക്കുന്നത് വഴി സംസ്ഥാന സഹകരണ ബാങ്കിന്, 31.03.2015 ഓട്ടുകൂടി 2000 കോടി |

രൂപയും, 3000 കോടി രൂപയും ഇടയിലുള്ള പ്രവർത്തന മൂലധന കമ്മി നേരിടുന്നതാണ്. ഇത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്.

കൂടാതെ ജില്ലാ സഹകരണ ബാങ്കുകൾക്ക് സംസ്ഥാന സഹകരണ ബാങ്കിലെ നിക്ഷേപത്തിന് ലഭിക്കുന്ന പലിശ കടപത്രങ്ങളിൽ നിക്ഷേപിക്കുമ്പോൾ ലഭിക്കുകയില്ല എന്നതിനാൽ ടി സംവിധാനം നിലവിൽ വരുന്നത് ജില്ലാ സഹകരണ ബാങ്കുകളുടെ സാമ്പത്തിക ക്ഷമതയെയും ദോഷകരമായി ബാധിക്കുന്നതാണ് എന്ന് വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ